**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 847** **10-08-2023 - ൽ മറുപടിയ്ക്ക്**

**വയനാട് ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വീടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | 2016-21 കാലയളവിലും ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെയും വയനാട് ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി ആകെ എത്ര വീടുകൾക്ക് ധനസഹായം നൽകിയെന്ന് വ്യക്തമാക്കാമോ; | (എ) | 2016-21 കാലയളവിലും, ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെയും വയനാട് ജില്ലയിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ആകെ 8796 വീടുകളുടെ നിർമ്മാണത്തിനായി ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത വീടുകൾ ഏതെല്ലാം പദ്ധതികളിൽ ഉൾപ്പെടുത്തിയാണ് നൽകിയതെന്ന് വിശദമാക്കാമോ; | (ബി) | ജനറൽ ഹൗസിംഗ്, ലൈഫ് മിഷൻ ഫേസ് 1, ഹഡ്കോ ഭവനം, വന ബന്ധു കല്യാൺ യോജന, വെള്ളപ്പൊക്ക ഭീഷണിയുള്ള കോളനികളുടെ പുനരധിവാസം, ടി.ആർ.ഡി.എം. ഹൗസിംഗ് എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തിയാണ് ധനസഹായം അനുവദിച്ചിട്ടുള്ളത്. |
| (സി) | നിലവിൽ ഭവനരഹിതരായവരും എന്നാൽ സ്വന്തമായി ഭൂമിയുള്ളവരുമായ എത്ര കുടുംബങ്ങൾ വീടിനായി അപേക്ഷ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | വയനാട് ജില്ലയിൽ ഭൂമിയുള്ള ഭവനരഹിതരായ 4485 കുടുംബങ്ങളാണ് വീടിനായി അപേക്ഷ നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ